# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5612 27.03.2018 ൽ മറുപടിയ്ക്ക്

### ബസ്സ് ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര നിയമം

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ബസ്സ് ബോഡി നിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് കേന്ദ്രം പുതുതായി രൂപം കൊടുത്ത നിയമം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം ഉണ്ടാക്കുന്ന പുതിയ നിയമവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) & (ബി) | ഉണ്ട്. സ്റ്റേജ് കാര്യേജ് ഉൾപ്പെടെയുള്ള എല്ലാത്തരം വാഹനങ്ങളുടേയും ബോഡി നിർമ്മാണം AIS:052 നിലവാരത്തിൽ . ഉള്ളതായിരിക്കണമെന്ന് കേന്ദ്രസർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് ഡ്രൈവറെക്കൂടാതെ 13 സീറ്റും അതിൽ കൂടുതലുമുള്ള എല്ലാത്തരം യാത്രാ വാഹനങ്ങളും 01-10-2017 മുതൽ രജിസ്റ്റർ ചെയ്യുന്നത് ബസ് ബോഡി കോഡ് അനുസരിച്ചാണ്. മുൻപ് പല പ്രാവശ്യം വിജ്ഞാപനം ഇറക്കിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാർ കാലാവധി നീട്ടിക്കൊടുത്തിരുന്നു. കേന്ദ്രസർക്കാരിന്റെ 17-03-2017 തീയതിയിലെ SO 846(E) എന്ന വിജ്ഞാപനപ്രകാരം കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള എല്ലാത്തരം ബസ്സുകളുടേയും ബോഡി നിർമ്മിക്കുന്നത് AIS:052 നിലവാരത്തിൽ ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമമനുസരിച്ചാണ് സംസ്ഥാനത്ത് വാഹനം രജിസ്റ്റർ ചെയ്യുന്നത്. വിഷയം കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ പരിധിയിൽ വരുന്നതായതിനാൽ ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള ഇളവ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. 01-10-2017-ന് മുൻപ് വാങ്ങിയിട്ടുള്ളതും ബസ് ബോഡി കോഡ് നിലവിൽ വന്നതിനാൽ രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്നതുമായ ഏകദേശം 300 വാഹനങ്ങൾ സംസ്ഥാനത്തുള്ളതായി ശ്രദ്ധയിൽ പ്പെട്ടതിനാൽ മോട്ടോർ വാഹന വകുപ്പ് 22-02-2018 ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് പ്രസ്തുത വിഷയത്തിൽ ഇളവ് നൽകണമെന്ന് ആവശ്യപ്പെട്ട് |

| | | | |
|---|---|---|---|
| | | | കത്തയച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. |
| (സി) | നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾക്ക് വേണ്ടി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ